**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1207** **12-02-2025 - ൽ മറുപടിയ്ക്ക്**

**അങ്കമാലി മണ്ഡലത്തിലെ മൂക്കന്നൂർ-ഏഴാറ്റുമുഖം-ബ്ലാച്ചിപ്പാറ-പാലിശ്ശേരി റോഡിന്റെ നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. റോജി എം. ജോൺ** | | **ശ്രീ. പി.എ.മുഹമ്മദ് റിയാസ്**<br>**(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി)** | |
| (എ) | അങ്കമാലി മണ്ഡലത്തിൽ റീ-ബിൽഡ് കേരള പദ്ധതിയിൽ നിർമ്മിക്കുന്ന മൂക്കന്നൂർ-ഏഴാറ്റുമുഖം-ബ്ലാച്ചിപ്പാറ-പാലിശ്ശേരി റോഡിന്റെ നിർമ്മാണം പൂർത്തീകരിക്കാത്തതിന്റെ കാരണം വിശദമാക്കാമോ; | (എ) | റീബിൽഡ് കേരള ഇനിഷ്യേറ്റീവ് പദ്ധതിയിൽ കെ.എസ്.റ്റി.പിയുടെ കീഴിൽ പുരോഗമിച്ചുകൊണ്ടിരിക്കുന്ന പ്രസ്തുത പ്രവൃത്തിയിൽ റോഡിന്റെ പുനരുദ്ധാരണം മാത്രമായിരുന്നു ഉൾപ്പെടുത്തിയിരുന്നത്. എന്നാൽ റോഡിന് വീതി കൂട്ടണമെന്ന് ആവശ്യം ഉയർന്നു. ആയത് പ്രകാരം ഫ്രീ-സറണ്ടർ വഴി സ്ഥലം ഏറ്റെടുത്ത് പ്രവൃത്തി നടത്താൻ നിശ്ചയിച്ചത് കാലതാമസത്തിന് ഇടയാക്കി. പിന്നീട് ഫണ്ടിംഗ് ഏജൻസിയായ ജർമ്മൻബാങ്കിന്റെ സന്ദർശനവേളയിൽ പുതുതായി സ്ഥലം ഏറ്റെടുക്കേണ്ട എന്ന നിർദ്ദേശം വന്നതുമൂലം പിന്നീട് സ്ഥലം ഏറ്റെടുക്കുന്നതിനോ റോഡ് വീതി കൂട്ടുന്നതിനോ സാധിച്ചിട്ടില്ല.ഈ തീരുമാനം പുന:പരിശോധിക്കുന്നതിന് നടത്തിയ ശ്രമങ്ങൾ പ്രവൃത്തിയുടെ പുരോഗതിയെ ബാധിച്ചു. |
| (ബി) | പ്രസ്തുത റോഡ് നിർമ്മാണം നിലവിൽ എത്ര ശതമാനം പൂർത്തീകരിച്ചുവെന്ന വിശദമാക്കാമോ; | (ബി) | നിലവിൽ ഈ പ്രവൃത്തിയുടെ 87 ശതമാനം പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. |
| (സി) | കെ.എസ്.ടി.പി.യുടെ മേൽനോട്ടത്തിൽ നിർമ്മാണം നടത്തുന്ന റോഡുകളുടെ പ്രവർത്തന പുരോഗതി വിലയിരുത്തുന്നതിനും പരിശോധന നടത്തുന്നതിനും പൊതുമരാമത്ത് വകുപ്പ് സെക്രട്ടറിയെ ചുമതലപ്പെടുത്തിയതിന്റെ അടിസ്ഥാനത്തിൽ ടി റോഡിന്റെ നിർമ്മാണം സംബന്ധിച്ച പരിശോധന പ്രസ്തുത ഉദ്യോഗസ്ഥൻ നടത്തിയിട്ടുണ്ടോ എന്നറിയിക്കുമോ ; വിശദമാക്കാമോ; | (സി) | പ്രസ്തുത റോഡ് നിർമ്മാണം സംബന്ധിച്ച് പൊതുമരാമത്ത് വകുപ്പ് സെക്രട്ടറി അവലോകനം ചെയ്തിട്ടുണ്ട്. |
| (ഡി) | കെ.എസ്.ടി.പി.യുടെ ചുമതലയിൽ നിർമ്മാണം നടത്തുന്ന ടി റോഡിന്റെ നിർമ്മാണ പുരോഗതിയും മറ്റ് പരാതികളും പരിശോധിക്കുന്നതിനും നിർമ്മാണം വേഗത്തിലാക്കുന്നതിനും ബഹുമാനപ്പെട്ട മന്ത്രിയുടെ അദ്ധ്യക്ഷതയിൽ യോഗം വിളിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ഇപ്രകാരം ഒരു യോഗം | (ഡി) | സി പിരിവിന്റെ അതേ മറുപടി |

| | | | |
|---|---|---|---|
| | വിളിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ; | | |
| (ഇ) | കരാർ പ്രകാരം ടി പ്രവൃത്തി എന്നാണ് പൂർത്തീകരിക്കേണ്ടതെന്നും സമയപരിധിയ്ക്കുള്ളിൽ പ്രവൃത്തി പൂർത്തീകരിച്ചോയെന്നും ഇല്ലെങ്കിൽ പൂർത്തീകരിക്കാത്തതിന്റെ കാരണവും വിശദമാക്കാമോ; ഈ വിഷയത്തിൽ അടിയന്തിര ഇടപെടൽ നടത്തി എത്രയും വേഗം ടി റോഡിന്റെ നിർമ്മാണം കുറ്റമറ്റ രീതിയിൽ പൂർത്തീകരിക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ? | (ഇ) | 04.08.2021ന് ആരംഭിച്ച മേൽ പ്രവൃത്തി 03.02.2023-ൽ പൂർത്തീകരിക്കേണ്ടതായിരുന്നു. എന്നാൽ പ്രവൃത്തിയിലെ തടസ്സങ്ങളെ തുടർന്ന് കരാറുകാരന്റെ അപേക്ഷയിന്മേൽ കരാർ ഉടമ്പടി പ്രകാരം 30.04.2025 വരെ കരാർ കാലാവധി നീട്ടി നൽകാൻ കെ.എസ്.റ്റി.പിയുടെ 125-ാമത് സ്റ്റിയറിംഗ് കമ്മിറ്റിയിൽ തീരുമാനമായിട്ടുണ്ട്. നിലവിൽ പ്രവൃത്തി അടിയന്തിരമായി പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരികയാണ്. |

സെക്ഷൻ ഓഫീസർ